# പതിനാലാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി XIII
## (സാമൂഹ്യസേവനം)

**2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ട പ്രകാരമുള്ളത്]

2018 ജൂൺ 21-ാം തീയതി സമർപ്പിച്ചത്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018.

## പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)

**2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച രണ്ടാമത്
റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ട പ്രകാരമുള്ളത്]

1234/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## (2016-2018)

### ഘടന

<u>ചെയർമാൻ :</u>

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം :</u>

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,
ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ :</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. എം. മുകേഷ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, സ്പെഷ്യൽ സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

## അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതിയുടെ പരിഗണനയ്ക്ക് വിധേയമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2018 ജൂൺ 18-ാം തീയതി ചേർന്ന യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2018 ജൂൺ 18.

## റിപ്പോർട്ട്

### ഭാഗം I

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികളും.

## ധനാഭ്യർത്ഥന നമ്പർ XXV— പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

### പട്ടികജാതി വികസന വകുപ്പ്

### ഖണ്ഡിക നമ്പർ 5

2225-80-190-94—പട്ടികജാതിക്കാർക്കുള്ള കടിശ്ശിക വായ്പ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ധനസഹായം

പട്ടികജാതിക്കാർക്കുള്ള കടിശ്ശിക വായ്പ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കടം എഴുതിത്തള്ളൽ പദ്ധതിക്കായി സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുന്നതിനുള്ള 88 കോടി രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുന്നതിന് 2016-2017 സാമ്പത്തിക വർഷം പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പട്ടികജാതിക്കാർക്കുള്ള കടിശ്ശികവായ്പ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 88 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പട്ടികജാതിക്കാർക്കുള്ള കടശ്ശിക വായ്പാനിവാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കടം എഴുതിത്തള്ളൽ പദ്ധതിക്ക് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് 21-3-2017-ലെ സ. ഉ.(സാധാ.) നമ്പർ 2279/2017/ധന. നമ്പർ ഉത്തരവ് പ്രകാരം 88.54 കോടി രൂപ ധനപുനർവിനിയോഗംവഴി അനുവദിച്ച് റിലീസ് ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1504654/സി1/17/പ.ജ.പ.വ.വി.വ. തീയതി 31-7-2017)

## പട്ടികവർഗ്ഗ വികസന വകുപ്പ്

### ഖണ്ഡിക നമ്പർ 11

### 2225-02-277-94—ഗിരിവർഗ്ഗ ഹോസ്റ്റൽ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 106 പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ ദൈനംദിന ആഹാരച്ചെലവുകൾ, യൂണിഫോം തുടങ്ങിയവയ്ക്കായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഹോസ്റ്റലുകളിൽ അനുവദനീയമായതിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കേണ്ടിവരുന്നതുവഴി "മറ്റ് ചെലവുകൾ" ഇനത്തിൽ അനുവദിച്ച തുക പര്യാപ്തമാകുകയില്ല. കൂടാതെ ദൈനംദിന ചെലവുകൾക്കൊപ്പം മറ്റ് ആകസ്മിക ചെലവുകൾകൂടി ഈ വിഹിതത്തിൽനിന്ന് വഹിക്കേണ്ടിവരുന്നു. ആയതിനാൽ '34 മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഫണ്ട് അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 1/327/2017/പ.ജ.പ.വ.വി.വ. തീയതി 22-5-2018)

### ഖണ്ഡിക നമ്പർ 13

### 2225-03-277-73-06—ഗിരിവർഗ്ഗ കുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ—വാടക —കരം—നികുതി

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിൽ തിരുവനന്തപുരത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ വാടക തുക അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

14-7-2017-ലെ സ. ഉ.(സാധാ.)നമ്പർ 5620/ധന. നമ്പർ ഉത്തരവ് പ്രകാരം 6 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻമുഖേന അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ 1/327/2017/പ.ജ.പ.വ.വി.വ. തീയതി 22-5-2018)

ഖണ്ഡിക നമ്പർ 14

2225-02-277-52—പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ ഹോസ്റ്റലുകളും UNICEF Standard-ൽ നവീകരിക്കുന്നതിനായി 6 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുന്നതിനും കിഫ്ബിയിൽ നിന്നും 50 കോടി രൂപ ചെലവഴിച്ച് എസ്.സി. വിഭാഗത്തിനായി 2 ആർ.എം.എസ്.എ.കളും 6 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വകയിരുത്തിയിരുന്ന 5 കോടിക്ക് പുറമെ ധനപുനർവിനിയോഗംവഴി 28-3-2018 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 2783/18/ധന. നമ്പർ ഉത്തരവ് പ്രകാരം 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ 1/327/2017/പ.ജ.പ.വ.വി.വ. തീയതി 22-5-2018)

ഖണ്ഡിക നമ്പർ 15

2225-02-277-47—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് വേണ്ടി വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി.സി.കളുടെ വാടക നൽകുന്നതിനായി 2225-02-277-47-06—എന്ന ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനുപുറമെ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം അധിക ഫണ്ട് ആവശ്യമില്ലാത്തതിനാൽ അധിക ഫണ്ട് അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ ഇ 1/327/2017/പ.ജ.പ.വ.വി.വ. തീയതി 22-5-2018)

## പിന്നാക്കവിഭാഗ വികസന വകുപ്പ്

### ഖണ്ഡിക നമ്പർ 21

**2225-03-277-99-12—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും**

23-5-2014-ലെ ജി. ഒ.(എംഎസ്.) നമ്പർ 10/2014 പ്രകാരം 30 സമുദായങ്ങൾക്ക് പുതുതായി ഒ.ഇ.സി. ആനുകൂല്യം അനുവദിക്കുകയും 21-2-2014-ലെ ജി.ഒ.(എംഎസ്.) നമ്പർ 06/2014/ബി.സി.ഡി.ഡി. പ്രകാരം കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി 42000-ൽ നിന്ന് ഒരു ലക്ഷമാക്കി ഉയർത്തുകയും സംസ്ഥാനത്ത് വ്യാപകമായി സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ ആരംഭിച്ചതിന് അനുസൃതമായി മെരിറ്റിലും റിസർവേഷനിലും പ്രവേശനം ലഭിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തതിന് ആനുപാതികമായി ഈ ശീർഷകത്തിൽ തുക അനുവദിക്കുന്നില്ലായെന്നും സമിതി വിലയിരുത്തി. കൂടാതെ ജി.ഒ.(പി) നമ്പർ 04/2016/എസ്.സി.എസ്.റ്റി.ഡി.ഡി. പ്രകാരം 2016-17 വർഷം മുതൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 25% വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ഒ.ഇ.സി. വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം പൂർണ്ണ തോതിൽ അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

200 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള പ്രൊപ്പോസലിൽ 29-7-2017-ലെ സ.ഉ.(സാധാ.) നമ്പർ 5999/2017/ധന. പ്രകാരം 50 കോടി രൂപ അഡീഷണൽ ഓതറൈസേഷനായി നോൺ പ്ലാനിലും 100 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ പ്ലാനിലും അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 26-4-2018-ലെ 1456927/എ 1/2017/പി.വി.വി.വ.)

### ഖണ്ഡിക നമ്പർ 22

**2225-03-277-98-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും**

2016-17 മുതൽ ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് 25% വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം പുതുക്കിയ നിരക്കിൽ വിതരണം ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 26-4-2018-ലെ 1456927/എ 1/2017/പി.വി.വി.വ.)

<u>ഖണ്ഡിക നമ്പർ 23</u>

2225-03-277-90—<u>എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം/ട്രെയിനിംഗ്</u>

പിന്നാക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി ലഭിക്കുന്നതിനുള്ള പരിശീലനത്തിനായി സാമ്പത്തിക സഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് സ്കീം പ്രകാരം 2,00,000 രൂപയിൽ താഴെ വാർഷിക വരുമാനവും 94%-ൽ കൂടുതൽ മാർക്കുള്ളവർക്കുമാണ് നിലവിൽ ആനുകൂല്യം അനുവദിക്കുന്നത്. പ്രസ്തുത ആനുകൂല്യം 85%-ത്തിന് മുകളിൽ മാർക്കുള്ള അപേക്ഷകർക്കുകൂടി നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 3.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഇതേ ശീർഷകത്തിലുള്ള മറ്റ് ഘടകങ്ങളിൽനിന്ന് മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷ പരിശീലനത്തിന് ഫണ്ട് പുനഃക്രമീകരിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 1456927/എ 1/പി.വി.വി.വ. തീയതി 26-4-2018)

<u>ഖണ്ഡിക നമ്പർ 24</u>

2225-03-800-99—<u>പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)</u>

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ അംഗങ്ങൾക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുവേണ്ടി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 2225-03-800-99-36—എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കമ്മീഷൻ അംഗം ശ്രീ. മുള്ളൂർക്കര മുഹമ്മദ് അലി സഖാഫിക്ക് ഔദ്യോഗിക ആവശ്യത്തിന് വാഹനം പ്രതിമാസം 30,000 രൂപയിൽ നിജപ്പെടുത്തി വാടകയ്ക്കെടുത്ത് ഉപയോഗിക്കുവാൻ അനുമതി നൽകി.

(സർക്കാർ കത്ത് നമ്പർ 1456927/എ 1/17/പി.വി.വി.വ. തീയതി 26-4-2018)

ഖണ്ഡിക നമ്പർ 25

4225-03-190-99—ഹരിജനങ്ങളിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരിലും മറ്റ് ശിപാർശിത വിഭാഗക്കാരിലുമുൾപ്പെട്ട സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്കായി പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രത്യേക പാർപ്പിട പദ്ധതി ആരംഭിക്കുന്നതിന് അധിക തുക ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തി. ആയതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്, നടപ്പ് സാമ്പത്തിക വർഷം 7 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽനിന്ന് 5.25 കോടി രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. ശീർഷകത്തിൽ 1.75 കോടി രൂപ ബാക്കി നിൽക്കുന്നുണ്ട്. സാമ്പത്തിക വർഷം അവസാനിച്ചതിനാലും, ശീർഷകത്തിലെ നീക്കിയിരിപ്പ് പൂർണ്ണമായി ഉപയോഗിച്ച് തീർക്കാത്തതിനാലും, അധിക തുക അനുവദിക്കുന്ന വിഷയം പരിഗണിക്കാൻ സാധിക്കുകയില്ലെന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1456927/എ 1/2017/പി.വി.വി.വ. തീയതി 26-4-2018)

ഖണ്ഡിക നമ്പർ 26

4225-03-190-98—കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഗുണഭോക്തൃ വൃന്ദത്തിൽപ്പെടുന്ന കേരളത്തിലെ മറ്റ് പിന്നോക്ക മത ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി നിലവിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ദേശീയ കോർപ്പറേഷനുകളിൽനിന്നും ലഭിക്കുന്ന വായ്പയ്ക്ക് Matching Contribution ഇനത്തിലുള്ള 10% തുക വകയിരുത്തുന്നതിനും ഒ.ബി.സി., ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വിവാഹ ധനസഹായം, സുവർണ്ണശ്രീ, വിദ്യാശ്രീ തുടങ്ങിയ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിനും അധിക തുക ആവശ്യമായതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 40.6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

4225-03-190-98—എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ചശേഷം അധിക തുകയ്ക്കുള്ള ശിപാർശ പരിഗണിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചു.

(സർക്കാർ കത്ത് നമ്പർ 1456927/എ 1/പി.വി.വി.വ. തീയതി 26-4-2018)

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

### സാമൂഹ്യനീതി വകുപ്പ്

<u>ഖണ്ഡിക നമ്പർ 27</u>

2235-02-101-96—<u>പുനരധിവാസ കേന്ദ്രങ്ങളിൽ പരിശീലനം നേടുന്ന ശാരീരിക വൈകല്യം സംഭവിച്ച വ്യക്തികൾക്കുള്ള സ്റ്റൈപ്പന്റ്</u>

തിരുവനന്തപുരത്തും കോഴിക്കോട്ടും സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടത്തുന്ന പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നേടുന്ന വാർഷിക വരുമാനം 24,000 രൂപയിൽ കുറവുള്ള വികലാംഗരായ കുട്ടികൾക്ക് പ്രതിമാസം നൽകിവരുന്ന സ്റ്റൈപ്പന്റ് 1,000 രൂപയായി ഉയർത്തുന്നതിനും പരിശീലനാർത്ഥികൾക്ക് പ്രതിമാസം 300 രൂപ ക്രമത്തിൽ യാത്രാചെലവ് അനുവദിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ല. ആയതിനാൽ 1.68 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന വി.ടി.സി.കളിൽ തൊഴിൽ പരിശീലനം നേടുന്ന പരിശീലനാർത്ഥികൾക്ക് അനുവദിച്ചു വരുന്ന സ്റ്റൈപ്പന്റ് 300 രൂപയിൽനിന്ന് 1,000 രൂപയായി ഉയർത്തുന്നതിനും ഇവർക്ക് യാത്രാച്ചെലവിനത്തിൽ പ്രതിമാസം 300 രൂപ അനുവദിക്കുന്നതിനും ആവശ്യപ്പെട്ട് സാമൂഹ്യനീതി വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സർക്കാർ കത്ത് നമ്പർ 380/ഡി1/2017/സാ.നീ.വ. തീയതി 8-6-2018)

ഖണ്ഡിക നമ്പർ 28

2235-02-102-53—ചൈൽഡ് റൈറ്റ്സ് കമ്മീഷൻ

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ചതിന്റെ ഭാഗമായി ജില്ലാ ആസ്ഥാനങ്ങൾതോറും സിറ്റിംഗുകളും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിനും കമ്മീഷനിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിനും കമ്മീഷൻ ചെയർപേഴ്സൺ, മെമ്പർമാർ, സെക്രട്ടറി, രജിസ്ട്രാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ ശമ്പളം നൽകുന്നതിനും, കൂടാതെ വാടക, കരം, നികുതി, വാഹനങ്ങളുടെ വാടക, യാത്രാബത്ത എന്നീ ഇനങ്ങളിലെ ചെലവുകൾ വഹിക്കുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 40 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം 2235-02-102-53—ശീർഷകത്തിൽ 04-Travel Expenses-1 ൽ Tour T.A. ഇനത്തിൽ 20,000 രൂപ re-appropriation ആയും, 4-LTC ഇനത്തിൽ 33,000 രൂപ Additional authorisation ആയും അനുവദിച്ചിട്ടുണ്ട്. കൂടാതെ 45-POL ഇനത്തിൽ 33,000 രൂപയും, 97-Hire Charges ഇനത്തിൽ 40,000 രൂപയും re-appropriation ആയി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ 2/159/2017/സാ.നീ.വ. തീയതി 14-6-2018)

ഖണ്ഡിക നമ്പർ 29

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ് അംശദാനം

സാമൂഹ്യക്ഷേമ ബോർഡിന്റെ 2017-18 വർഷത്തെ ഭരണച്ചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനുമായി ബോർഡിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതം 1,19,81,000 രൂപയാണ്. ഇതിനുപുറമെ 2014-15 വർഷത്തേയ്ക്ക് ബോർഡിന്റെ ഭരണ ചെലവുകൾക്കായി കേന്ദ്ര ബോർഡ് അംഗീകരിച്ച റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരമുള്ള 6,74,000 രൂപയും 2014-15, 2015-16 എന്നീ വർഷങ്ങളിൽ ബോർഡ് ചെയർപേഴ്സണ് ഓണറേറിയം നൽകിയ വകയിൽ ചെലവായ 3,84,000 രൂപ ഉൾപ്പെടെ 10,58,000 രൂപ സർക്കാർ വിഹിതമായി ബോർഡിന് നൽകാനുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. കൂടാതെ 2017-18 വർഷത്തിൽ ബോർഡ് ജീവനക്കാർക്കും

പെൻഷൻകാർക്കും സർക്കാർ പ്രഖ്യാപിച്ച പത്താം ശമ്പളം/പെൻഷൻ പരിഷ്കരണം നടപ്പാക്കേണ്ടതുൾപ്പെടെയുള്ള അധിക സാമ്പത്തിക ചെലവുകൂടി വരുമെന്നുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 47.09 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സി2/113/2018/സാ.നീ.വ. തീയതി 5-6-2018)

<u>ഖണ്ഡിക നമ്പർ 30</u>

2235-02-103-95(04)-1—<u>സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ-യാത്രാ ചെലവുകൾ—യാത്രാബത്ത</u>

കേരള വനിതാ കമ്മീഷൻ ചെയർപേഴ്സനും അംഗങ്ങൾക്കുമുള്ള യാത്രാബത്ത കുടിശ്ശിക തീർക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 27 ലക്ഷം രൂപ അധികമായി 2235-02-103-95(04)-1-സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ—യാത്രാ ചെലവുകൾ—യാത്രാബത്ത എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ 2235-02-103-95(04)-TE (1) Tour T.A.—എന്ന ശീർഷകത്തിൽ 24,15,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സാ.നീ.വ.-ബി2/301/2017/സാ.നീ.വ. തീയതി 23-5-2018)

<u>ഖണ്ഡിക നമ്പർ 32</u>

2235-02-104-99—<u>ശ്രീ ചിത്രാഹോം സഹായധനം</u>

ശ്രീ ചിത്രാഹോം ജീവനക്കാരുടെ പേ-റിവിഷൻ ആനുകൂല്യങ്ങൾ നടപ്പിലാക്കി ശമ്പളം നൽകുന്നതിനും കുട്ടികളുടെ താമസത്തിനായുള്ള ബഹുനില കെട്ടിടത്തിന്റെ പണി ഈ വർഷം തന്നെ ആരംഭിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 2.149 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

15 ലക്ഷം രൂപ 2235-02-104-99(NP)—എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി2/113/2018/സാ.നീ.വ. തീയതി 5-6-2018)

ഖണ്ഡിക നമ്പർ 33

2235-02-104-89—അനാഥാലയ നിയന്ത്രണ ബോർഡ്

അനാഥാലയ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെ 7 ജീവനക്കാരുടെ വേതനവും കൂടാതെ 40 കൗൺസിലർമാർ, ചെയർമാൻ, 14 ബോർഡ് അംഗങ്ങൾ എന്നിവർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം, ചെയർമാന്റെ കാർ അലവൻസ്, അംഗങ്ങളുടെ ടി. എ., സിറ്റിംഗ് ഫീ, എന്നിവയും നൽകുന്നതിലേയ്ക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ, ഈ ശീർഷകത്തിൽ 1.5857 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഓർഫനേജ് കൺട്രോൾ ബോർഡ് ജീവനക്കാരുടെ ശമ്പളം, കൗൺസിലർമാരുടെ ഓണറേറിയം, മെമ്പർമാരുടെ ഓണറേറിയം എന്നിവ നൽകുന്നതിനായി 1,20,00,000 രൂപ 2235-02-104-89 (NV)-31 ഗ്രാന്റ്-ഇൻ-എയ്ഡ് ജനറൽ സാലറി ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി1/114/2018/സാ.നീ.വ. തീയതി 21-5-2018)

ഖണ്ഡിക നമ്പർ 34

2235-02-190-99—കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

വനിതകൾക്ക് സ്വയംതൊഴിൽ വായ്പ നൽകുന്നതിനും കോർപ്പറേഷൻ മുഖേന നടത്തിവരുന്ന വനിതാ ഉദ്യോഗസ്ഥർക്കായുള്ള ഹോസ്റ്റൽ സൗകര്യം കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായും ആദിവാസി മേഖലകളിലെ വനിതകൾക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്ന പദ്ധതി നടപ്പിലാക്കുന്നതിനുമായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 3.13 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആദിവാസി വനിതകൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യമായ 50 ലക്ഷം രൂപ ധന പുനഃവിനിയോഗംവഴി കണ്ടെത്താൻ കഴിയുമെന്നതിനാൽ അനുവദിക്കേണ്ടതില്ലെന്ന് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സ്വയംതൊഴിൽ വായ്പ നൽകുന്നതിനായി ദേശീയ ധനകാര്യ കോർപ്പറേഷനുകളിൽനിന്നും ലഭിക്കുന്ന തുകയുടെ സംസ്ഥാന വിഹിതമായി 163 ലക്ഷം രൂപയും എറണാകുളം, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.13 കോടി രൂപ 2235-02-190-99 (പി)—ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടെങ്കിലും കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് വനിതാ ഉദ്യോഗസ്ഥർക്കായുള്ള ഹോസ്റ്റൽ സൗകര്യം കൂടുതൽ വ്യാപിപ്പിക്കൽ, ആദിവാസി വനിതകൾക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, വനിതകൾക്ക് സ്വയംതൊഴിൽ വായ്പ എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിൽ ആനുപാതികമായ വർദ്ധനവ് വരുത്തിയതിനാലും അപ്രകാരം വകയിരുത്തിയിട്ടുള്ള 8.10 കോടി രൂപയിൽ 6.10 കോടി രൂപ റിലീസിന് ബാക്കി നിൽക്കുന്ന സാഹചര്യത്തിലും മേല്പറഞ്ഞ അധിക തുക ധനകാര്യ വകുപ്പ് അനുവദിച്ചിട്ടില്ല. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനായി തുക 2018-2019 സാമ്പത്തിക വർഷം മാത്രമേ ആവശ്യമായി വരികയുള്ളൂവെന്ന് കോർപ്പറേഷൻ എം.ഡി. അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി1/114/2018/സാ.നീ.വ. തീയതി 21-5-2018)

ഖണ്ഡിക നമ്പർ 35

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

അംഗപരിമിതരായ ലോട്ടറി ഏജന്റുമാർക്ക് ധനസഹായം നൽകുന്നതിനും സർക്കാർ സ്ഥാപനങ്ങൾക്കും മറ്റും ആവശ്യമായ അച്ചടികൾ നടത്തിവരുന്ന സൗഭാഗ്യ പ്രിന്റിംഗ് പ്രസ്സിലെ കാലഹരണപ്പെട്ട അച്ചടി യന്ത്രവും മറ്റ് അനുബന്ധ സാമഗ്രികളും നവീകരിക്കുന്നതിനും ഭിന്നശേഷിക്കാർക്കായി ഈ സാമ്പത്തിക വർഷം 5 ജില്ലകളിൽ കൂടി സാഫല്യം വയോജന കേന്ദ്രം ആരംഭിക്കുന്നതിനുമായി പദ്ധതിയിനത്തിലും വികലാംഗക്ഷേമ കോർപ്പറേഷന്റെ ഭരണ ചെലവുകൾക്കും കേരള ഹൗസിംഗ് ബോർഡിന് വാടകയിനത്തിലുള്ള കുടിശ്ശിക നൽകുന്നതിനും കോഴിക്കോട് റീജിയണൽ ഓഫീസിന് അനുവദിച്ച 3 പുതിയ തസ്തികകളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുമായി പദ്ധതിയേതരയിനത്തിലും നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം

അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 2.1 കോടി രൂപ പദ്ധതിയിനത്തിലും 72.5 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് ധനസഹായം നൽകുന്ന പദ്ധതി, സൗഭാഗ്യ പ്രിന്റിംഗ് പ്രസ്സ് നവീകരണം, 5 ജില്ലകളിൽ ഭിന്നശേഷിക്കാരായ വയോജനങ്ങൾക്ക് സാന്ത്വനപരിചരണ കേന്ദ്രം ആരംഭിക്കുന്നതിനുമായി 2.10 കോടി രൂപ 2235-02-190-98 (പ്ലാൻ)—ശീർഷകത്തിലും വികലാംഗക്ഷേമ കോർപ്പറേഷന്റെ ഭരണ ചെലവുകൾക്കും കേരള ഹൗസിംഗ് ബോർഡിൽ വാടക കുടിശ്ശിക നൽകുന്നതിനും കൂടാതെ കോഴിക്കോട് റീജിയണൽ ഓഫീസ് തുടങ്ങുന്നതിനോടനുബന്ധിച്ച് 3 പുതിയ തസ്തികകളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുമായി പദ്ധതിയിതരയിനത്തിലും 72.50 ലക്ഷം രൂപ 2235-02-190-98 (നോൺ പ്ലാൻ)—എന്ന ശീർഷകത്തിലും അധികമായി അനുവദിക്കുന്നത് സംബന്ധിച്ച് ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

പദ്ധതി വിഹിതത്തിൽ മതിയായ തുക റിലീസിന് ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി/പദ്ധതിയേതര ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തണമെന്നും അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പ് പ്രൊപ്പോസൽ നിരസിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 380/ഡി1/2017/സാ.നീ.വ. തീയതി 8-6-2018)

<u>ഖണ്ഡിക നമ്പർ 36</u>

2235-60-200-72—<u>കേരള സാമൂഹ്യസുരക്ഷാ പദ്ധതി</u>

സമാശ്വാസം പദ്ധതിയിൽ നിലവിലുള്ള 6605 ഗുണഭോക്താക്കൾക്കും ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 9.1528 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സി2/113/2018/സാ.നീ.വ. തീയതി 5-6-2018)

ഖണ്ഡിക നമ്പർ 37

2235-60-200-72(02)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി—തീവ്രമായ ശാരീരിക—മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)

ശയ്യാവലംബികളായ നിത്യരോഗികളെ പരിപാലിക്കുന്ന സ്ത്രീകൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ വരുമാനത്തിന് അനുബന്ധ സഹായമെന്ന നിലയിൽ ധനസഹായം നൽകുന്ന ആശ്വാസകിരണം പദ്ധതി പ്രകാരം നിലവിലുള്ള 80500 ഗുണഭോക്താക്കൾക്കും 2017-18 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന 30,000 ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിന് നിലവിലുള്ള വിഹിതത്തിന് പുറമെ അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 39.56 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സി2/113/2018/സാ.നീ.വ. തീയതി 5-6-2018)

ഖണ്ഡിക നമ്പർ 38

2235-60-200-72(11)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി—സ്നേഹപൂർവ്വം

സമൂഹത്തിന്റെയോ ബന്ധുക്കളുടെയോ കൂട്ടുകാരുടെയോ കൂടെ വീടുകളിൽ കഴിയുന്ന അനാഥരായ കുട്ടികൾക്ക് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി പ്രകാരം 2015-16 വർഷത്തിലെ അപേക്ഷകരിൽ 12364 പേർക്കും, 2016-17 വർഷത്തിലെ അപേക്ഷകരിൽ 17059 പേർക്കും ധനസഹായം നൽകുന്നതിനും, ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന അപേക്ഷകർക്ക് ധനസഹായം നൽകുന്നതിനും കൂടി നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 36.027 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ സ്നേഹപൂർവ്വം പദ്ധതിയ്ക്കായി പ്രതീക്ഷിച്ച അപേക്ഷകളുടെ എണ്ണം 70,000 ആയിരുന്നെങ്കിലും 40,000 അപേക്ഷകരുടെ പ്രിന്റൗട്ടുകൾ മാത്രമേ ലഭിച്ചിരുന്നുള്ളൂ. ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 2000 ലക്ഷം രൂപ പദ്ധതി പ്രവർത്തനത്തിന് പര്യാപ്തമായതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ സി2/113/2018/സാ.നീ.വ. തീയതി 5-6-2018)

ഖണ്ഡിക നമ്പർ 39

2235-60-200-72(21)—പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതി

കേരളത്തിൽ ജുവനൈൽ ഡയബറ്റിക്സ് ബാധിച്ച കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുട്ടിയുടെ ജീവിതത്തിൽ തുടർന്നുണ്ടാകുന്ന വൈകല്യങ്ങൾ പ്രതിരോധിക്കാൻ കൃത്യമായ ആരോഗ്യ സാമൂഹിക പരിരക്ഷ ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ നിലവിലെ ബഡ്ജറ്റ് തുകയ്ക്ക് പുറമെ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-2018 വർഷത്തിൽ അനുവദിച്ച 2 കോടി രൂപ പദ്ധതി പ്രവർത്തനത്തിന് പര്യാപ്തമായതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ സി2/113/2018/സാ.നീ.വ. തീയതി 5-6-2018)

**ആഭ്യന്തര വകുപ്പ്**

ഖണ്ഡിക നമ്പർ 40

2235-02-106-98—ദുർഗുണപരിഹാര പാഠശാല

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതോടുകൂടി ജയിലുകളിൽ ബി.പി.എൽ. നിരക്കിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ പൂർണ്ണമായും നിർത്തലാക്കിയതിനാൽ മാർക്കറ്റ് വിലയിൽ റേഷൻ സാധനങ്ങൾ വാങ്ങേണ്ടിവരുന്നതിനാലും മറ്റ് ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന വർദ്ധനവും കണക്കാക്കുമ്പോൾ പ്രധാനമായും ഭക്ഷണത്തിന്റെ ചെലവ് വഹിക്കുന്ന "56 ഭക്ഷണവും ധനസഹായവും" എന്ന ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം 2235-02-106-98—ദുർഘണ പരിഹാര പാഠശാല (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 1,77,65,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. "2235-02-106-98—ദുർഘണ പരിഹാര പാഠശാല—56 ഭക്ഷണവും ധനസഹായവും (നോൺ പ്ലാൻ)—എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് അഡീഷണൽ ഓതറൈസേഷൻ മുഖേന അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ ജയിൽ വകുപ്പ് സമർപ്പിക്കേണ്ടതാണ്.

(സർക്കാർ കത്ത് നമ്പർ ബി2/249/2017/ആഭ്യന്തര വകുപ്പ് തീയതി 10-10-2017)

**പൊതുഭരണ വകുപ്പ്**

ഖണ്ഡിക നമ്പർ 41

2235-60-107-98—സ്വാതന്ത്ര്യസമര ഭടന്മാരുടെ അപേക്ഷകൾ പരിശോധിക്കുന്നതിന് വേണ്ടിയുള്ള ഉപദേശക സമിതി

സ്വാതന്ത്ര്യ സമര ഭടന്മാരുടെ അപേക്ഷകൾ പരിശോധിക്കുന്ന സംസ്ഥാനതല/ ജില്ലാതല അംഗങ്ങൾക്ക് യാത്രാബത്തയും ദിനബത്തയും നൽകുന്നതിന് ഈ ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപുറമെ 14,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്വാതന്ത്ര്യ സമര ഭടന്മാരുടെ അപേക്ഷകൾ പരിശോധിക്കുന്ന സംസ്ഥാനതല/ ജില്ലാതല അംഗങ്ങൾക്ക് യാത്രാബത്തയും ദിനബത്തയും നൽകുന്നതിന് 2235-60-107-98—എന്ന ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപുറമെ 14,000 രൂപ അധികമായി അനുവദിച്ചുകൊണ്ട് ജി. ഒ. (ആർറ്റി.) നമ്പർ 7483/2017/ധന. തീയതി 5-10-2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എഫ്.പി.ബി1/40/17/പൊ.ഭ.വ. തീയതി 22-11-2017)

ഭാഗം II

2017-18-ലെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകൾ.

**പട്ടികജാതി വികസന വകുപ്പ്**

ഖണ്ഡിക നമ്പർ 1, 2, 3, 4, 6

**പട്ടികവർഗ്ഗ വികസന വകുപ്പ്**

ഖണ്ഡിക നമ്പർ 7 മുതൽ 10 വരെയും 12, 16 മുതൽ 20 വരെയും

**സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും**

ഖണ്ഡിക നമ്പർ 31

"കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ട് അതത് സാമ്പത്തിക വർഷാവസാനമോ അതുകഴിഞ്ഞുള്ള സഭാസമ്മേളനകാലത്തോ സമിതി ചെയർമാൻ സഭയിൽ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും ശിപാർശകളിന്മേലുള്ള മറുപടി വകുപ്പ് അയച്ചുതന്നിട്ടില്ലായെങ്കിൽ അതിനുള്ള കാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാസമ്മേളനാരംഭത്തിലോ ഏതാണോ ആദ്യം അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്."

ആയതിനാൽ 2017-2018-ലെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഇനിയും നടപടി സ്വീകരിച്ചിട്ടില്ലാത്ത ശിപാർശകൾ സംബന്ധിച്ച വിവരം (ഭാഗം II) ഡിലെ സ്റ്റേറ്റ്മെന്റ് സഹിതം ഈ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാ സമ്മേളനകാലത്തോ ഏതാണോ ആദ്യം അപ്പോൾ ബന്ധപ്പെട്ട വകുപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എ. കെ. ബാലൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2018 ജൂൺ 18.

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2018

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്